# കേരളസംസ്ഥാന മുന്നാക്ക സമുദായക്ഷേമകോർപ്പറേഷൻ

## മംഗല്യ സമുന്നതി 2021-22

### *നിബന്ധനകളും, മാർഗ്ഗനിർദ്ദേശങ്ങളും*

കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന മംഗല്യ സമുന്നതി പദ്ധതിയുടെ മാനദണ്ഡങ്ങൾ.

- അപേക്ഷകർ **മുൻഗണന** AAY **(മഞ്ഞ കാർഡ്), മുൻഗണന (പിങ്ക് കാർഡ്)** വിഭാഗങ്ങളിലെ റേഷൻകാർഡ് ഉള്ളവരായിരിക്കണം.
- വിവാഹിതയായ പെൺകുട്ടിയുടെ അച്ഛൻ/ അമ്മ ആയിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.
- പെൺകുട്ടി സംസ്ഥാനത്തെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്ന ആളായിരിക്കണം.
- മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികളുടെ വിവാഹത്തിനാണ് ധനസഹായം നൽകുന്നത്.
- അപേക്ഷകരുടെ **കുടുംബ വാർഷിക വരുമാനം** എല്ലാ മാർഗ്ഗങ്ങളിൽ നിന്നും **ഒരുലക്ഷം (1,00,000/-)** രൂപയിൽ കവിയാൻ പാടുള്ളതല്ല.
- വിവാഹിതയായ പെൺകുട്ടിയുടെ പ്രായം 22 വയസ്സിന് മുകളിലായിരിക്കണം.
- അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. ***അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടുന്ന രേഖകൾ ഉൾപ്പെടുത്താത്തതും അപൂർണ്ണമായിട്ടുള്ളതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.***
- **ഒരു ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്**. സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. ധനസഹായം അപേക്ഷകന്റെ/ അപേക്ഷകയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നതാണ്.
- മാതാപിതാക്കൾ മരണപ്പെട്ടുപോയ/ നഷ്ടപ്പെട്ട പെൺകുട്ടികൾക്ക് സ്വന്തം പേരിൽ അപേക്ഷ സമർപ്പിക്കാവുന്നതും ധനസഹായം ടിയാളുടെ തന്നെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുന്നതുമാണ്.

- ലഭ്യമാകുന്ന അപേക്ഷകളിൽ നിന്നും ഏറ്റവും കുറഞ്ഞ വരുമാനമുള്ള യോഗ്യരായ 200 പേർക്കാണ് ധനസഹായം അനുവദിക്കുന്നത്. ഒരേ വരുമാനപരിധിയിൽ ഉള്ളവരെ പരിഗണിക്കുമ്പോൾ
    - I. മാതാപിതാക്കൾ നഷ്ടപ്പെട്ടവർ
    - II. ഭിന്നശേഷിക്കാർ
    - III. വിവാഹിതയായ പെൺകുട്ടിയുടെ പ്രായം

തുടങ്ങിയവയ്ക്ക് മുൻതൂക്കം നൽകിയായിരിക്കും ആനുകൂല്യം അനുവദിക്കുന്നത്.

- **2021 ഫെബ്രുവരി 10** നും **2021 ഡിസംബർ 31** നും ഇടയിൽ (2 തീയതികളും ഉൾപ്പെടെ) വിവാഹിതരായിട്ടുള്ളവർക്കാണ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത.
- **അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 15/01/2022 - 5 PM.**
- വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
- **അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.**
    1. വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
    2. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്നത്).
    3. **പെൺകുട്ടിയുടെ ജാതി** തെളിയിക്കുന്ന രേഖ. **[**വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് /SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് **(03.06.2021 ലെ സ.ഉ (എം.എസ്) നം.114/2021/പൊഭവ ഉത്തരവ് പ്രകാരം സംവരണേതര വിഭാഗമായി നോട്ടിഫൈ ചെയ്യപ്പെട്ട ജാതികൾ) ].** മറ്റ് രേഖകൾ സ്വീകാര്യമല്ല
    4. റേഷൻ കാർഡിന്റെ 1,2 പേജുകളുടെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
    5. അപേക്ഷകന്റെയും പെൺകുട്ടിയുടെയും ആധാർ കാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്).
    6. പ്രായം തെളിയിക്കുന്ന രേഖ (SSLC/ Birth Certificate) (സ്വയം സാക്ഷ്യപ്പെടുത്തിയത്)
    7. വിവാഹ ക്ഷണക്കത്ത് (ഒറിജിനൽ).
    8. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്.
    9. മാതാപിതാക്കൾ മരണപ്പെട്ടുപോയ പെൺകുട്ടി/ രക്ഷാകർത്താവ് ആണ് അപേക്ഷകൻ/ അപേക്ഷക എങ്കിൽ മാതാപിതാക്കളുടെ മരണ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

10. മാതാപിതാക്കൾ ഉപേക്ഷിച്ചുപോയ പെൺകുട്ടി/രക്ഷാകർത്താവ് ആണ് അപേക്ഷകൻ / അപേക്ഷക എങ്കിൽ ആ വിവരം വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കണം.
11. വിവാഹിതയായ പെൺകുട്ടിയുടെ ഭർത്താവിന് അപേക്ഷ സമർപ്പിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

**<u>മറ്റു നിർദ്ദേശങ്ങൾ</u>**

- ഒരു പെൺകുട്ടിക്ക് ഒരിക്കൽ മാത്രമേ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുകയുള്ളൂ.
- ഒരേ കുടുംബത്തിലെ 2 ൽ കൂടുതൽ പെൺകുട്ടികൾക്ക് യാതൊരു കാരണവശാലും ധനസഹായം അനുവദിക്കുന്നതല്ല. എന്നാൽ ഒരു സാമ്പത്തിക വർഷം ഒരു കുടുംബത്തിലെ ഒരു കുട്ടിയുടെ പേരിൽ മാത്രമേ അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.
- **തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റുന്ന പക്ഷം അനുവദിച്ച തുക സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കൂട്ടുപലിശയും ചേർത്ത് തിരിച്ചടയ്ക്കേണ്ടതും പ്രസ്തുത പദ്ധതിയിലേക്ക് തുടർന്ന് അപേക്ഷിക്കാൻ അർഹതയില്ലാത്തതുമാണ്.**
- ഭരണ സൗകര്യാർത്ഥം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കും. ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമായിരിക്കും.
- അപൂർണ്ണമായതോ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതോ ആയ അപേക്ഷകൾ അറിയിപ്പുകൂടാതെ നിരസിക്കുന്നതാണ്.
- അപേക്ഷ സമർപ്പിക്കുന്ന കവറിന് മുകളിൽ **<u>"മംഗല്യ സമുന്നതി (2021-22) പദ്ധതിയിലേയ്ക്കുള്ള അപേക്ഷ"</u>** എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
- അപേക്ഷകൾ തപാൽ മുഖേനയോ നേരിട്ടോ കോർപ്പറേഷനിൽ ലഭ്യമാക്കേണ്ടതാണ്.

**<u>അപേക്ഷകൾ അയയ്ക്കേണ്ട വിലാസം</u>**

മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന മുന്നാക്ക
സമുദായ ക്ഷേമ കോർപ്പറേഷൻ,
L2, കുലീന, TC.23/2772,ജവഹർ നഗർ,
കവടിയാർ.പി.ഒ, തിരുവനന്തപുരം- 695003.

XXXXXXXXXXXXXXXXXXXXXX

സമുന്നതി

# കേരളസംസ്ഥാന മുന്നാക്ക സമുദായക്ഷേമകോർപ്പറേഷൻ

## മംഗല്യ സമുന്നതി 2021-22

### അപേക്ഷാ ഫോം

(നിബന്ധനകൾ പൂർണ്ണമായും വായിച്ച ശേഷം മാത്രം അപേക്ഷ പൂരിപ്പിക്കുക)

### റേഷൻകാർഡ് ഇനം:

**മുൻഗണന AAY (മഞ്ഞ കാർഡ്)** ☐ **മുൻഗണന (പിങ്ക് കാർഡ്)** ☐

## I. അപേക്ഷകയുടെ/അപേക്ഷകന്റെ വിവരങ്ങൾ:

1. പേര് (മലയാളത്തിൽ) : ..............................................
2. പേര് (ഇംഗ്ലീഷിൽ) : ..............................................
3. പൂർണ്ണമായ മേൽവിലാസം : ..............................................

   (ജില്ല, പിൻകോഡ് സഹിതം) ..............................................

   ..............................................

4. ആധാർ നമ്പർ : ........................ 5.ഫോൺ നമ്പർ :..........................

6. വാർഷിക വരുമാനം : ............... 7. തൊഴിൽ :.................................

8. ബാങ്ക് അക്കൗണ്ട് നമ്പർ :............................... IFSC : ......................

## II. വിവാഹിതയായ പെൺകുട്ടിയുടെ വിവരങ്ങൾ:

1. പേര് : ..................................... 2. ജനന തീയതി :.........................

3. വയസ്സ് :........ 4. മതം : ....................... 5. ജാതി :...........................

6. ആധാർ നമ്പർ : ......................... 7. അപേക്ഷകനുമായുള്ള ബന്ധം.............

8. ആദ്യ വിവാഹമാണോ? .................. 9. വിവാഹ തീയതി :......................

## സത്യപ്രസ്താവന

**മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സത്യമാണെന്നും തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റി എന്ന് തെളിയുന്ന പക്ഷം റവന്യൂ റിക്കവറി നടപടി പ്രകാരം അനുവദിച്ച ഗ്രാന്റ് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ പലിശയുൾപ്പെടെ തിരിച്ചു പിടിക്കുന്നതിൽ എനിക്ക് വിരോധമില്ലായെന്നും ഇതിനാൽ സത്യപ്രതിജ്ഞ ചെയ്യുന്നു.**

സ്ഥലം: അപേക്ഷകയുടെ / അപേക്ഷകന്റെ ഒപ്പ് :

തീയതി: വിവാഹിതയായ പെൺകുട്ടിയുടെ ഒപ്പ് :

**<u>അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്</u>**

1. വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
2. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്നത്).
3. **പെൺകുട്ടിയുടെ ജാതി** തെളിയിക്കുന്ന രേഖ. [വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് /SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (**03.06.2021 ലെ സ.ഉ (എം.എസ്) നം.114/2021/പൊഭവ ഉത്തരവ് പ്രകാരം സംവരണേതര വിഭാഗമായി നോട്ടിഫൈ ചെയ്യപ്പെട്ട ജാതികൾ) ].** മറ്റ് രേഖകൾ സ്വീകാര്യമല്ല
4. റേഷൻ കാർഡിന്റെ 1,2 പേജുകളുടെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
5. അപേക്ഷകന്റെയും പെൺകുട്ടിയുടെയും ആധാർ കാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്).
6. പ്രായം തെളിയിക്കുന്ന രേഖ (SSLC/ Birth Certificate) (സ്വയം സാക്ഷ്യപ്പെടുത്തിയത്)
7. വിവാഹ ക്ഷണക്കത്ത് (ഒറിജിനൽ).
8. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്.
9. മാതാപിതാക്കൾ മരണപ്പെട്ടുപോയ പെൺകുട്ടി/ രക്ഷാകർത്താവ് ആണ് അപേക്ഷകൻ/ അപേക്ഷക എങ്കിൽ മാതാപിതാക്കളുടെ മരണ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
10. മാതാപിതാക്കൾ ഉപേക്ഷിച്ചുപോയ പെൺകുട്ടി/രക്ഷാകർത്താവ് ആണ് അപേക്ഷകൻ / അപേക്ഷക എങ്കിൽ ആ വിവരം വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കണം.
11. വിവാഹിതയായ പെൺകുട്ടിയുടെ ഭർത്താവിന് അപേക്ഷ സമർപ്പിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല..

NB: 1. അപൂർണ്ണമായതോ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതോ ആയ അപേക്ഷകൾ അറിയിപ്പുകൂടാതെ നിരസിക്കുന്നതാണ്.

2. അപേക്ഷ സമർപ്പിക്കുന്ന കവറിന് മുകളിൽ **<u>“മംഗല്യ സമുന്നതി (2021–22) പദ്ധതിയിലേയ്ക്കുള്ള അപേക്ഷ”</u>** എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

**<u>അപേക്ഷകൾ അയയ്ക്കേണ്ട വിലാസം</u>**

മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന മുന്നാക്ക
സമുദായ ക്ഷേമ കോർപ്പറേഷൻ,
L2, കുലീന, TC.23/2772,ജവഹർ നഗർ,
കവടിയാർ.പി.ഒ, തിരുവനന്തപുരം- 695003.